**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1768** **09-12-2022 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ ജില്ലയിലെ പുരാവസ്തു-ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കുന്നതിനുള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ പുരാവസ്തു-ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | കണ്ണൂർ ജില്ലയിലേതുൾപ്പെടെ പുരാവസ്തു വകുപ്പിന്റെ മുഴുവൻ സംരക്ഷിത സ്മാരകങ്ങളുടെയും കാലാകാലങ്ങളിലുള്ള പരിശോധന നടത്തുകയും, ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി വരികയും ചെയ്യുന്നുണ്ട്. ഘടനാ സംരക്ഷണ വിഭാഗത്തിന്റെയും, രാസ സംരക്ഷണ വിഭാഗത്തിന്റെയും മേൽനോട്ടത്തിലാണ് ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നത്. |
| (ബി) | മട്ടന്നൂർ മണ്ഡലത്തിൽ പുരാവസ്തു വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം നൽകാമോ; പ്രസ്തുത മണ്ഡലത്തിൽ പുതിയ പദ്ധതികൾ എന്തെങ്കിലും പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ? | (ബി) | മട്ടന്നൂർ മണ്ഡലത്തിൽ കണ്ണവം തൊടീക്കളം ശിവക്ഷേത്രം കേരള പുരാവസ്തു വകുപ്പിന്റ സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. തൊടീക്കളം ശിവ ക്ഷേത്രത്തിന്റെ ഘടനാപരമായ സംരക്ഷണ പ്രവൃത്തികൾ പുരാവസ്തു വകുപ്പ് 2019-20 വർഷത്തിൽ പൂർത്തീ കരിച്ചിട്ടുള്ളതാണ്. മട്ടന്നൂർ മണ്ഡലത്തിൽ നിലവിൽ പുതിയ പദ്ധതികൾ ഒന്നും പുരാവസ്തു വകുപ്പിന്റെ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ